**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പ്രളയ ശുചീകരണത്തിന്റെ ഭാഗമായി കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിന്റെ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിൽ (MCF) ശേഖരിച്ചിട്ടുള്ള പാഴ് വസ്തുക്കൾ നീക്കം ചെയ്യുന്നതിന് തനത് ഫണ്ട് ഉപയോഗിക്കുന്നതിന് കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**G.O.(Rt)No.65/2020/LSGD തീയതി,തിരുവനന്തപുരം, 06/01/2020**

---

പരാമർശം:- 1 കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 07.09.2019-ലെ 12/1 നമ്പർ ഭരണ സമിതി തീരുമാനം

2 ശുചിത്വ മിഷൻ മലപ്പുറം ജില്ലാ കോർഡിനേറ്ററുടെ 27.11.2019-ലെ 406/2019/DSM നമ്പർ കത്ത്

3 മലപ്പുറം ജില്ലാ പ്ലാനിങ് ഓഫീസറുടെ 03.12.2019-ലെ കത്ത് (SRG/1072/2019-CC/650/2019)

4 06.12.2019-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.68

**ഉത്തരവ്**

2019 ആഗസ്റ്റ് മാസം ഉണ്ടായ പ്രളയത്തിൽ കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിന്റെ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിൽ (MCF) നിന്നും ഒഴുകിപോയതും മറ്റ് സ്ഥലങ്ങളിൽ നിന്നും ഒഴുകി വന്നതുമായ മുഴുവൻ പ്ലാസ്റ്റിക് മാലിന്യങ്ങളും ശേഖരിച്ച് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിൽ സംഭരിച്ചിരുന്നു. പ്രളയ ശുചീകരണത്തിന്റെ ഭാഗമായി MCF-ൽ ശേഖരിച്ചിട്ടുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ അടിയന്തിരമായി നീക്കം ചെയ്യുന്നതിന് പഞ്ചായത്തിന്റെ തനത് ഫണ്ട് ഉപയോഗിക്കുന്നതിന് അനുമതി തേടുന്നതിന് കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത് ഭരണസമിതി പരാമർശം (1) പ്രകാരം തീരുമാനിച്ചിരുന്നു.

2. പ്രളയ ശുചീകരണത്തിന്റെ ഭാഗമായി MCF-ൽ ശേഖരിച്ചിട്ടുള്ള പാഴ് വസ്തുക്കൾ വില നൽകി ഏറ്റെടുക്കാൻ ഒരു ഏജൻസിയും തയാറല്ല എന്നും ആയത് റീ സൈക്കിൾ ചെയ്യാൻ കഴിയാത്ത രീതിയിലാണുള്ളതെന്നും ശുചിത്വ മിഷൻ മലപ്പുറം ജില്ലാ കോർഡിനേറ്റർ റിപ്പോർട്ട് ചെയ്തതനുസരിച്ച് പ്രസ്തുത മാലിന്യം നീക്കം ചെയ്യുന്നതിന് തനത് ഫണ്ട് ഉപയോഗിക്കുന്നതിന് കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിന് അനുമതി നൽകുന്നതിന് 06.12.2019-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരാമർശം (4) പ്രകാരം തീരുമാനിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രളയ ശുചീകരണത്തിന്റെ ഭാഗമായി കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിന്റെ MCF-ൽ ശേഖരിച്ചിട്ടുള്ള പാഴ് വസ്തുക്കൾ വില നൽകി ഏറ്റെടുക്കാൻ ഒരു ഏജൻസിയും തയാറാവാത്തതും ആയത് റീ സൈക്കിൾ ചെയ്യാൻ കഴിയാത്ത രീതിയാലാണെന്ന വസ്തുത കണക്കിലെടുത്തും വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം (4)-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും പ്രസ്തുത മാലിന്യം നീക്കം ചെയ്യുന്നതിന് തനത് ഫണ്ട് ഉപയോഗിക്കുന്നതിന് കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
JOINT SECRETARY

പ്രസിഡന്റ്/ സെക്രട്ടറി, കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത്, മലപ്പുറം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SMITHA B CHANDRA
Date: 2020.01.07 10:50:54 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്